II ഇ.ബി. XII കേരള നിയമസഭ/IX-9

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

വാങ്മൂലം നല്കിയ ഉത്തരങ്ങൾ-സംഗ്രഹം

2008 ഡിസംബർ 10, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

29 (*331) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) നൽകിയ മറുപടിയിൽ, വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്ന കെ.എസ്.ടി.പി. പണികൾ പൂർത്തീകരിച്ച് 2010 ജൂൺ മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് സഭയെ അറിയിച്ചു. തൊടുപുഴ-മൂവാറ്റുപുഴ, മൂവാറ്റുപുഴ-അങ്കമാലി എന്നീ റോഡുകളുടെ പണി 2007 ജനുവരിയിൽ പൂർത്തിയായിട്ടുണ്ട്. കഴക്കൂട്ടം-തൈക്കോട് (വെഞ്ഞാറമൂട്), തൈക്കോട്-കൊട്ടാരക്കര-ചെങ്ങന്നൂർ, ആലപ്പുഴ-ചങ്ങനാശ്ശേരി എന്നീ റോഡുകളുടെ 65 ശതമാനവും പാലക്കാട്-ഷൊർണ്ണൂർ റോഡിന്റെ 42 ശതമാനവും തൃശൂർ-കുറ്റിപ്പുറം റോഡിന്റെ 10 ശതമാനവും പണികളാണ് പൂർത്തിയായിട്ടുള്ളത്. തൃശൂർ-കുറ്റിപ്പുറം റോഡിലെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വാട്ടർ അതോറിറ്റിയുമായി ഇടപെട്ട് ക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡ്

സഞ്ചാരയോഗ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. ഈ പദ്ധതിയിൻകീഴിൽ ഏറ്റെടുത്ത റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ (ആർ.എം.സി.) 925 കിലോമീറ്റർ പൂർത്തിയാക്കിയിട്ടുണ്ട്; അവശേഷിക്കുന്ന 75 കിലോമീറ്റർ ദൂരം ഉൾക്കൊള്ളുന്ന തിരുവനന്തപുരം-പൊന്മുടി, കുമളി-പൂപ്പാറ റോഡുകളുടെ മുടങ്ങിപ്പോയ പ്രവൃത്തികൾ ടെർമിനേറ്റ് ചെയ്ത് റീ ടെണ്ടർ ചെയ്യുകയുണ്ടായി. ഈ പ്രവൃത്തികൾ എത്രയും വേഗം നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുപ്പാടി, എരുമലപ്പാടി, ആയൂർ, ചെങ്കോട്ട, എറണാകുളം, വൈക്കം, ഏറ്റുമാനൂർ, പാലക്കാട്, മീനാക്ഷിപുരം, മണ്ണാർക്കാട്, തോട്ടപ്പുഴ റോഡുകളുടെ പണി ആർ.എം.സി.-യിൽ ഉൾപ്പെടുത്തുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലാണ്. ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത പദ്ധതികളുടെ 70 ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന പണികൾ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് മുടങ്ങിക്കിടന്ന കെ.എസ്.ടി.പി. നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ഇതിനുവേണ്ടി 45,41,07,953 രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക പണിയെ ആശ്രയിച്ച് കൊടുക്കുന്നതാണ്. കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിക്കുള്ള പ്രോജക്ട് തയ്യാറായിട്ടുണ്ട്. തലശ്ശേരി-വളവുപാറ, ചങ്ങനാശ്ശേരി-കോട്ടയം, കോട്ടയം-ഏറ്റുമാനൂർ റോഡുകളുടെ പ്രവൃത്തി രണ്ടാംഘട്ടപദ്ധതിയിൽ ഉൾപ്പെടുത്തി സഞ്ചാരയോഗ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ അവശേഷിക്കുന്ന പണികൾ 2009 മാർച്ച് 31-ന് മുമ്പ് പൂർത്തിയാക്കുന്നതാണ്. രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി 233 കിലോമീറ്റർ ദൂരം ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; അവശേഷിക്കുന്ന ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. രണ്ടാംഘട്ട പണികളുടെ ക്വാളിറ്റി ഉറപ്പു വരുത്തുന്നതിനായി അടൂരിൽ ഒരു പ്ളാന്റും ലാബും സെറ്റ് ചെയ്തിട്ടുണ്ട്. പാലക്കാട്-കൊളപ്പുള്ളി റോഡിലെ മങ്കര വളവ് നിവർത്തുന്നതിനും അവിടെ ബൈപ്പാസ് നിർമ്മിക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. മുടങ്ങിപ്പോകുന്ന നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി ഭരണ-പ്രതിപക്ഷഭേദമന്യേ അംഗങ്ങളുടെ സഹകരണം ആവശ്യമാണ്. പിലാത്തറ-പാപ്പിനിശ്ശേരി റോഡിനാവശ്യമായ ലാൻഡ് അക്വിസിഷൻ നടപടികൾ 20 കിലോമീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട പദ്ധതിക്ക് അലോട്ട്മെന്റാകുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് പ്രവൃത്തി ആരംഭിക്കുന്നതാണ്. നിലമ്പൂർ-പെരുമ്പിലാവ് റോഡ് നിർമ്മാണം രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ച് അടൂർ-പന്തളം റോഡിന്റെ വീതി കൂട്ടാൻ നടപടി സ്വീകരിക്കുന്നതാണ്. കാസർകോട്-കാഞ്ഞങ്ങാട് റോഡ് യാത്രായോഗ്യമാക്കുന്നതിന് അടിയന്തിരമായി ഫണ്ട് അനുവദിക്കുന്നതാണ്. മലയോര ഹൈവേ പദ്ധതി ഗവണ്മെന്റിന്റെ സജീവ പരിഗണനയിലാണെന്നും ഒരു റോഡ് പോളിസി രൂപീകരിക്കുന്നതിന് ഒമ്പതംഗ സമിതിയെ

ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

30 (*332&*358) ഉന്നതവിദ്യാഭ്യാസ മേഖലയിൽ കേന്ദ്രനിക്ഷേപം

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) നൽകിയ മറുപടിയിൽ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ കൂടുതൽ കേന്ദ്രനിക്ഷേപം ഉണ്ടാക്കുന്നതിനായി തുടക്കത്തിൽ 270 കോടി രൂപയും വർഷം തോറും 40 കോടി രൂപയും ആവർത്തന ചെലവ് വരുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി 2007-08-ലും 500 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്നതും 7 വർഷം കൊണ്ട് പൂർത്തിയാക്കപ്പെടുന്നതുമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ റിസർച്ച് 2008-09-ലും തിരുവനന്തപുരത്ത് ആരംഭിച്ചു കഴിഞ്ഞതായി സഭയെ അറിയിച്ചു. 720 കോടി രൂപ നിക്ഷേപമുണ്ടാകുന്നതും 9 കൊല്ലം കൊണ്ട് പൂർത്തിയാകുന്നതുമായ കാസർഗോഡ് കേന്ദ്ര യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ സ്ഥലമെടുപ്പ് അടക്കമുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ ഒരു സെന്റർ മലപ്പുറത്തും ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിയുടെ ഒരു ക്യാമ്പസ് കൊല്ലത്തും വേൾഡ് ക്ലാസ് സെൻട്രൽ യൂണിവേഴ്സിറ്റി തൃശൂരിലും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കുളള സ്ഥലമെടുപ്പ് നടപടികൾ റവന്യൂ വകുപ്പിന്റെ സഹായത്തോടെ പൂർത്തിയായിവരുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി സ്ഥാപിക്കാൻ ചർച്ചകൾ നടത്തിവരുന്നു. എം.ജി.സർവ്വകലാ

ശാലയിൽ പരിസ്ഥിതി പഠനത്തിനും മൂന്നാം ലോക പഠനത്തിനും കോഴിക്കോട് സർവ്വകലാശാലയിൽ പാർശ്വവൽക്കരണത്തെയും വിവേചനത്തെയും കുറിച്ചുള്ള പഠനത്തിനും അറബിക് സ്റ്റഡീസിനും കേരള സർവ്വകലാശാലയിൽ വിമൻസ് സ്റ്റഡീസിനും ആവശ്യമായ പദ്ധതിരേഖ അനുമതിക്കായി കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്. വി.കെ. കൃഷ്ണമേനോന്റെ പേരിൽ കേരളത്തിൽ അന്താരാഷ്ട്ര പഠനങ്ങൾക്കായി ഒരു കേന്ദ്രവും സാമൂഹിക ശാസ്ത്രപഠനത്തിനായി ഒരു അന്തർ സർവകലാശാല പഠന കേന്ദ്രവും ഇന്ദിരാഗാന്ധി നാഷണൽ ട്രൈബൽ യൂണിവേഴ്സിറ്റിയുടെ ഒരു ക്യാമ്പസ്സും തുടങ്ങുന്നതിനായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സാങ്കേതികവിദ്യാഭ്യാസ രംഗത്ത് സെന്റർ ഫോർ ഹൈസ്പീഡ് കമ്പ്യൂട്ടിംഗ്, സെന്റർ ഫോർ എക്സലൻസ് ഇൻ മെക്കട്രോണിക്സ്, സെന്റർ ഫോർ എക്സലൻസ് ഇൻ ബയോ ഇൻഫോമാറ്റിക്സ് എന്നീ മൂന്നു കേന്ദ്രങ്ങളുടെ അംഗീകാരത്തിനായി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഒരു സയൻസ് സിറ്റിയും രണ്ട് റീജിയണൽ സയൻസ് സെന്ററുകളും ആരംഭിക്കുന്നതിനുള്ള പദ്ധതി രേഖകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. പുതിയ 5 പോളിടെക്നിക്കുകൾ, 3 വനിതാ ഹോസ്റ്റലുകൾ, 12 പോളിടെക്നിക്കുകളുടെ അപ്ഗ്രേഡേഷൻ, പോളിടെക്നിക് അധ്യാപകരുടെ ഇൻ-സർവീസ് ട്രെയിനിംഗ് എന്നിവയ്ക്കായി 67.5 കോടി രൂപയ്ക്കുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. 9 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ അപ്ഗ്രഡേഷനുവേണ്ടി 72 കോടി രൂപയുടെ ഒരു പ്രോജക്ട് തയ്യാറാക്കിവരുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ മൂന്ന് ടീച്ചർ എഡ്യൂക്കേഷൻ

കോളേജുകൾക്കും തൃശൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യുക്കേഷനും കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് മാനവവിഭവശേഷി വകുപ്പിന് പദ്ധതി സമർപ്പിച്ചിട്ടുണ്ട്. 2007-08 മുതൽ 100 ശതമാനം കേന്ദ്രസഹായത്തോടുകൂടി പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഏർപ്പെടുത്തിയ ഇനത്തിൽ 83.6 ലക്ഷം രൂപയും മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് പദ്ധതി ഇനത്തിൽ 396.86 ലക്ഷം രൂപയും കോളേജ് വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ മേഖലയിലുള്ള ട്രെയിനിംഗ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 308 ലക്ഷം രൂപ കേന്ദ്രസഹായ പദ്ധതിയായി വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ സഹായത്തോടെ പുതിയ പഠനസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിരേഖ തയ്യാറായിവരുന്നു. എൽ.ബി.എസ്. സെന്ററിന്റെ ആഭിമുഖ്യത്തിൽ മലപ്പുറത്ത് വനിതകൾക്കായുള്ള എഡ്യൂക്കേഷൻ കോംപ്ലക്സിന്റെ പ്രൊപ്പോസൽ കേന്ദ്ര മാനവവിഭവശേഷി വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർവകലാശാലകളുടെ വികസനത്തിനായി 200 കോടി രൂപയുടെ പദ്ധതി 13-ാം ധനകാര്യ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. കേരളത്തിൽ ഐ.ഐ.റ്റി. തുടങ്ങുന്നതുമായി ബന്ധപ്പെട്ട പദ്ധതിരേഖ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പാക്കേണ്ട പരിഷ്കാരങ്ങളെക്കുറിച്ച് പഠിച്ച് സർക്കാരിന് ശുപാർശ സമർപ്പിക്കാൻ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ

കൗൺസിൽ രൂപീകരിച്ചു. കേന്ദ്രസർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു കേന്ദ്രസർവകലാശാല, ലോകനിലവാരമുള്ള സർവകലാശാല എന്നിവ സ്ഥാപിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, തിരുവനന്ത പുരം ജില്ലയിൽ ഐ.ഐ.എസ്.റ്റി.,ഐസർ എന്നീ സ്ഥാപനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയെ ഐ.ഐ.ഇ.എ സ്.റ്റി. ആക്കി മാറ്റുന്നതിന് പ്രസ്തുത സർവകലാശാലയുടെ മുഴുവൻ ആസ്തിയും ബാധ്യതകളും കേന്ദ്രസർക്കാരിന് കൈമാറാൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. കുസാറ്റിനെ ഐ.ഐ.റ്റി. നിലവാരത്തി ലേയ്ക്കുയർത്തുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിനും ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിനും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻജിനീയറിംഗ് കോളേജുകളുടെ അക്കാഡമിക് നിലവാരം ഉയർത്തുന്നതിനുള്ള ഉപദേശം നൽകുന്നതിനായി ഒരു അക്കാഡമിക് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഫൈൻ ആർട്സ് കോളേജുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് ശുപാർശകൾ നൽകുന്നതിനായി ഒരു വിദഗ്ദ്ധകമ്മിറ്റിയെ നിയമിച്ചു. പ്രശസ്തരായ അദ്ധ്യാപകരേയും സാങ്കേതിക വിദഗ്ദ്ധരേയും ഉൾപ്പെടുത്തി ഏറ്റവും പുതിയ സാങ്കേതിക വിദ്യയും വ്യവസായ മേഖലയിലെ ആവശ്യകതയേയും കുറിച്ച് വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും ബോധവാന്മാരാക്കുന്നതിന് എൻജിനീയറിംഗ് കോളേജുകളിലും ഫൈൻ ആർട്സ് കോളേജുകളിലും വിസിറ്റിംഗ് ഫാക്കൽട്ടി സ്കീം നടപ്പിലാക്കി. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ IISER സ്ഥാപിക്കുകയും ഐ.എസ്.ആർ.ഒ.-യുടെ കീഴിൽ

തിരുവനന്തപുരത്ത് ഐ.ഐ.എസ്.ടി. ആരംഭിക്കുകയും ചെയ്തു. പാലക്കാട് ജില്ലയിൽ ഒരു ഐ.ഐ.ടി. സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. പോളിടെക്നിക്കുകളെ ശക്തിപ്പെടുത്തുന്നതിനും എൻജിനീയറിംഗ് കോളേജുകളിൽ ഹൈസ്പീഡ് കമ്പ്യൂട്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനും ഐ.എച്ച്.ആർ.ഡി., സി.സി.ഇ., എൽ.ബി.എസ്. എന്നിവയുടെ ആഭിമുഖ്യത്തിൽ കേന്ദ്ര സഹായത്തോടെ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുമുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. കേരളത്തിലെ എല്ലാ പോളിടെക്നിക്കുകളിലും സൗജന്യ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുകയും പയ്യന്നൂർ വനിതാ പോളിടെക്നിക്കിൽ വനിതാ റിസോഴ്സ് സെന്റർ സ്ഥാപിക്കുകയും ചെയ്തു. നബാർഡിന്റെ സഹായത്തോടെ ടെക്നിക്കൽ ഹൈസ്കൂളുകൾക്കും പോളിടെക്നിക്കുകൾക്കും കെട്ടിടം പണിയാനുള്ള പദ്ധതി നടപ്പാക്കിവരുന്നു. യൂണിവേഴ്സിറ്റി ഭരണസമിതികളിൽ വിദ്യാഭ്യാസ വിചക്ഷണന്മാരെ നോമിനേറ്റ് ചെയ്യുന്നുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ഉന്നതവിദ്യാഭ്യാസമേഖലയിലും സാങ്കേതിക വിദ്യാഭ്യാസമേഖലയിലുമായി 16 പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോളേജുകളിൽ കൺവെൻഷണൽ കോഴ്സുകളോടൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിലും സാധാരണക്കാരുടെ ജീവൽപ്രശ്നങ്ങൾ പരിഹരിക്കാനുതകുന്നതുമായ ശാസ്ത്രഗവേഷണ പഠനങ്ങൾക്ക് വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിലവിൽ വന്നശേഷം കരിക്കുലം പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ഗ്രാഡ്വേറ്റ് തലത്തിൽ ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കാനും

പാഠ്യപദ്ധതിയും പരീക്ഷാ രീതിയും പരിഷ്ക്കരിക്കാനും സമഗ്രമായ നിർദ്ദേശം തയ്യാറാക്കിക്കഴിഞ്ഞു. അടുത്ത അധ്യയനവർഷം മുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. കേരളകലാമണ്ഡലം കൽപ്പിത സർവ്വകലാശാലയായി മാറുന്നതോടെ സ്വതന്ത്ര പാഠ്യപദ്ധതി ആവിഷ്ക്കരിക്കാനും ബിരുദം നൽകാനുമുള്ള അധികാരം ലഭിക്കുന്നതാണ്. ബഹിരാകാശ ഗവേഷണ പഠനകേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കൊടുത്തുകഴിഞ്ഞു. മലപ്പുറം ജില്ലയിലെ മൂന്ന് സർക്കാർ കോളേജുകളെ ഉൾപ്പെടുത്തി ഒരു ക്ളസ്റ്റർ രൂപീകരിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. എന്നിവയുടെ നേതൃത്വത്തിൽ ഗവണ്മെന്റിന്റെ കീഴിൽ അപ്ളൈഡ് സയൻസ് കോളേജുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 164 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി. ഉത്തരങ്ങൾ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.)